**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ കളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ കളുടെ നവീകരണത്തിനും പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഉത്തരമേഖലയുടെ പരിധിയിലുള്ള ചെറുവത്തൂർ, ദക്ഷിണമേഖലയുടെ പരിധിയിലുള്ള അഞ്ചാമട, ശിങ്കാരത്തോപ്പ് എന്നീ ഐ.റ്റി.ഐകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിൽ പട്ടികജാതിക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ.റ്റി.ഐ യിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2.00 കോടി രൂപ അനുവദിക്കുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. വർക്കല താലൂക്കിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പൈപ്പ്ലൈൻ ഐ.റ്റി.ഐ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് കൂടി കടന്നു പോകുന്നതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മരണപ്പെടുകയും ടിയാന്റെ നോമിനിക്ക് ടെൻഡർ ചെയ്ത പ്രവൃത്തി തുടരുവാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർ DSoR 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ